## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് - 1999-2000 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 31-ന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 537 / 14/തസ്വഭവ. തിരുവനന്തപുരം, തീയതി: 25/02/2014

പരാമർശം:- 1) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03/09/2013-ലെ ഇ 6-11151/13-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 03/01/2014-ലെ LF-16829/P.T1/2013-ാം നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 31 പ്രകാരം 'ദുർബല വിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മാണം' എന്ന പ്രോജക്ടിൽ DPC യുടെ അംഗീകാരം ഇല്ലാതെ ഗുണഭാക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ചും സബ്സിഡി തുക വർദ്ധിപ്പിച്ചും കക്കൂസുകളുടെ നിർമ്മാണത്തിനായി 2,04,500/- (രണ്ട് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അധികം ചെലവ് ചെയ്തത് ആഡിറ്റ് നിരാകരിച്ചിരുന്നു.

"സമ്പൂർണ്ണ ശുചിത്വം" പദ്ധതി പൂർണ്ണതയിലെത്തിക്കുന്നതിനും അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം ഉറപ്പുവരുത്തുന്നതിനും എല്ലാ ഗുണഭോക്താക്കൾക്കും തുല്യമായ തുക ധനസഹായമായി ലഭിക്കുന്നതിനും വേണ്ടിയാണ് സബ്സിഡി മാനദണ്ഡത്തിനേക്കാൾ അധിക തുക ചെലവഴിക്കേണ്ടി വന്നത് എന്നതിനാൽ പ്രസ്തുത ചെലവ് സാധൂകരിക്കാൻ പഞ്ചായത്ത് കമ്മിറ്റിയുടെ 31/05/2013-ലെ IV (2)-ാം നമ്പർ തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ എന്നിവ സഹിതം സൂചന (1) പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയം സംബന്ധിച്ച് സൂചന 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി തൃപ്തികരമല്ലെങ്കിലും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റുകയും കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതിനാലും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുള്ളതിനാലും പ്രസ്തുത ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്ര-തെക്ക് ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ്

റിപ്പോർട്ട് ഖണ്ഡിക 31 പ്രകാരം കക്കൂസുകളുടെ നിർമ്മാണത്തിന് അധിക സബ്സിഡിയായി 2,04,500/- (രണ്ട് ലക്ഷത്തി നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ അധികം ചെലവ് ചെയ്ത പഞ്ചായത്ത് നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രസന്നകുമാരി. എം.സി,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
സെക്രട്ടറി, പുന്നപ്ര-തെക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ